നമ്പർ 2470 u/s 143, 147, 283, 149 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ 19 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കൊച്ചിൻ മറൈൻ ഡ്രൈവിൽ കിസ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തിൽ പ്രതിഷേധിക്കുവാനായി എത്തിയ ശിവസേന, വി.എച്ച്.പി., ബജ്റംഗൾ എന്നീ സംഘടനകളുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2471 u/s 143, 145, 147, 283 r/w 149 IPC പ്രകാരം ഒരു കേസും ഇതേ സംഗതിക്ക് എസ്.ഡി.പി.ഐ. എന്ന സംഘടനയുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2479 u/s 143, 145, 147, 283 r/w 149 IPC പ്രകാരം ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി രണ്ടു കേസുകളിലും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) നിയമലംഘനം നടത്തിയവരുടെ ദൃശ്യങ്ങൾ ലഭ്യമായിരുന്നു. നിയമലംഘനം നടത്തിയതായി വെളിവായിട്ടുള്ള എല്ലാവർക്കുമെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പ്രതിഷേധ പ്രകടനങ്ങൾ നടത്താൻ ആർക്കും അനുമതി നല്കിയിട്ടില്ല. മുൻകൂർ അനുമതി ഇല്ലാതെ പ്രകടനം നടത്തിയവർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1. ക്രൈം നമ്പർ 2470 u/s 143, 147, 283, 149 IPC (കിസ് ഓഫ് ലവ് പ്രവർത്തകർക്കെതിരെ) ടി കേസ്സിൽ 19 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2. ക്രൈം നമ്പർ 2471 u/s 143, 145, 147, 283 r/w 149 IPC (ശിവസേന, വി.എച്ച്.പി., ബജ്റംഗൾ എന്നീ സംഘടനകളുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ) 3. ക്രൈം നമ്പർ 2479 u/s 143, 145, 147, 283 r/w 149 IPC (എസ്.ഡി.പി.ഐ. എന്ന സംഘടനയുടെ കണ്ടാലറിയാവുന്ന 100 ഓളം പ്രവർത്തകർക്കെതിരെ).

(ഡി) ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ നിയമവിരുദ്ധ നിലപാട് സ്വീകരിച്ചിട്ടില്ല.

പോലീസ് സേനയിൽ വനിതാ ഡ്രൈവർമാർ

191 (192) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളിൽ ഡ്രൈവർമാരായി വനിതകളെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ തലസ്ഥാന നഗരിയിലെ വനിതകൾക്കായുള്ള പോലീസ് സെല്ലിൽ നാല് ചക്രവാഹനങ്ങളിൽ ഡ്രൈവർമാരായി പുരുഷന്മാരെ മാത്രം നിയമിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് വകുപ്പിൽ നാളിതുവരെ വനിതാ ഡ്രൈവർമാരെ റിക്രൂട്ട് ചെയ്തിട്ടില്ലാത്തതിനാൽ പോലീസ് വനിതാ സെല്ലിൽ നാലുചക്ര വാഹനങ്ങളിൽ വനിതകളെ ഡ്രൈവർമാരായി നിയമിക്കുവാൻ നിർവ്വാഹമില്ല.

തീരദേശ പോലീസ് ബോട്ടിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

192 (193) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ പോലീസ് ബോട്ടിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജോലിയുടെ അപകടസാദ്ധ്യത കണക്കിലെടുത്ത് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

തീരദേശ പോലീസ് ബോട്ടിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിഗണന നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

പോലീസ് സേനയിലെ ക്രിമിനലുകൾ

193 (194) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്രയെന്നും ഇതിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള 940 പോലീസുദ്യോഗസ്ഥർ ഉണ്ട്. ഇതിൽ 176 പേർ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്.

LIBRARY ARCHIVES Kerala Legislative Assembly